Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289
Email: art@art-artist.in

1.5.2024

Sri. Pinarayi Vijayan
Hon. Home Minister
Kerala State

Sir,

Sub: Dereliction and Corruption in removal of illegal loudspeakers regarding.

Ref:
1. No.F1/11/2020/Home dtd. 30.11.2020
2. Kerala High Court Order W.A.No.235/1993 to implement NPR 2000 strictly without any Religious Discrimination >> www.ail.art-artist.in >> Link-12
3. Noise Pollution >>Regulation and Control) Rules, 2000, Sec. 5, 6 >> www.ail.art-artist.in >> Link-4 b
4. Environment Protection Act. 1986, Sec. 15 >> www.ail.art-artist.in >> Link-4 a
5. PHQ Notification No. U6-30380/2002 >> www.ail.art-artist.in >> Link-9
6. Kerala Police Act
7. No.U1-158687/2023/PHQ(1) dtd.11.10.2023
8. List-1 of places of worship given by public (Attached)
9. List-2 of places of worship given by public (Attached)
10. My petition Docket No G2240100458 on CMOPG dtd.10.1.2024
11. List-3 of places of worship given by public (Attached)

1. Ref-10 പരാതിയെ കുറിച്ച് 22.4.2024 ന് CMOPG Toll Free No. 18004257211 ൽ അന്വേഷിക്കുകയും, യാതൊരു നടപടിയും സ്വീകരിക്കാതെ പരാതി Close ചെയ്തതിനാൽ വീണ്ടും സമർപ്പിക്കാൻ പറഞ്ഞതിനാലാണ് ഈ പരാതി സമർപ്പിക്കേണ്ടിവന്നിട്ടുള്ളത്.

2. **സ്വഭവനത്തിൽ സൈ്വര്യമായി ജീവിക്കാനുള്ള മനുഷ്യാവകാശം** ലംഘിച്ച് ജനങ്ങളെ ദ്രോഹിക്കാൻ ഭരണഘടന പ്രകാരം ആർക്കും അവകാശമില്ല.

**3.** സംസ്ഥാന പോലീസ് മേധാവിയുടെ Ref-7 കത്തിൽ ***"ജില്ലാ പോലീസ് മേധാവിമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ, പ്രസ്തുത ജില്ലകളിലെ ആരാധനാലയങ്ങളിലെ ഭാരവാഹികൾക്ക് കോളാമ്പികൾ മാറ്റുന്നതിന് SDPO മുഖേന നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ചിരുന്ന കോളാമ്പികൾ ഇളക്കി മാറ്റിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും"*** എന്ന് വളരെ വ്യക്തമായി പറയുകയും, എന്നാൽ **ആയത് പ്രകാരം പോലീസ് പ്രവർത്തിക്കാതെ പൊതുജനങ്ങളെ കബളിപ്പിച്ചും വഞ്ചിച്ചും, ആബാലവൃദ്ധം ജനങ്ങളേയും വിവിധ രോഗങ്ങൾക്കിരയാക്കി ഇഞ്ചിഞ്ചായി കൊല്ലുന്നതിന് ശബ്ദമലിനീകരണ ക്രിമിനലുകൾക്ക് ഒത്താശയും സഹായവും ചെയ്യുന്നതായും മനസ്സിലാക്കുന്നു.**

4. റേഞ്ച് പോലീസ് മേധാവികളിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച No.F1/11/2020/Home dtd. 30.11.2020 ന്റെ Para-10 ൽ ***"എല്ലാ ആരാധനാലയങ്ങളിലും സ്ഥാപിച്ചിട്ടുള്ള കോളാമ്പികൾ ഇളക്കിമാറ്റുന്നതിന് നോട്ടീസ് നൽകുന്നതിനും എല്ലാ എസ്.എച്ച്.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്"*** എന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. **എന്നാൽ നാളിതുവരെ ആയത് പ്രകാരം പോലീസ് പ്രവർത്തിച്ചതായി കാണുന്നില്ല**.

5. Noise Pollution (Regulation and Control) Rules, 2000 പ്രകാരം താഴെ പറയുന്നവ കർശനമായി നടപ്പാക്കേണ്ടതാണ്.
   a) 5 (1) A loud speaker or a public address system shall not be used except after obtaining written permission from the authority.
   b) 5 (2) A loud speaker or a public address system shall not be used at night between 10.00 p.m. to 6.00 a.m.
   c) Silence Zone ൽ പകൽ 50 dB രാത്രി 40 dB എന്ന ശബ്ദ പരിധി ലംഘിക്കാൻ പാടില്ല.
   d) Residential Area യിൽ പകൽ 55 dB രാത്രി 45 dB എന്ന ശബ്ദ പരിധി ലംഘിക്കാൻ പാടില്ല.
   e) കോളാമ്പികൾ ഉപയോഗിക്കാൻ പാടില്ല.

6. Noise Pollution (Regulation and Control) Rules, 2000: 5(1) പ്രകാരം, അനുമതി വാങ്ങാതെ വച്ചിട്ടുള്ള കോളാമ്പികൾ ഉൾപ്പെടെയുള്ള എല്ലാ ഉച്ചഭാഷിണികളും നിയമവിരുദ്ധമാണ്. അവ ഇളക്കിമാറ്റാത്തവർക്കെതിരെ പോലീസിന് നടപടിയെടുക്കാൻ യാതൊരു നിയമ തടസവുമില്ല, Hon. Kerala High Court Order W.A.No.235/1993 പ്രകാരം **ഒരു മത വിഭാഗത്തിനും പ്രത്യേകമായ യാതൊരു വിധ ഇളവും അനുവദിച്ചിട്ടില്ല**. ഹിന്ദു, ക്രിസ്റ്റ്യൻ, മുസ്ലീം എന്നീ മതവ്യത്യാസമില്ലാതെ Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്. അതിന് വിരുദ്ധമായി ഏതെങ്കിലും ഒരു മത വിഭാഗത്തിന് നിയമലംഘനം നടത്താൻ സർക്കാരും പോലീസും കൂട്ടുനിൽക്കുന്നത് മറ്റ് മത വിഭാഗങ്ങളെയും നിയമലംഘനം നടത്താൻ പ്രേരണ നൽകൽ മാത്രമാണ്. Traffic Rules Violations നെതിരെ പോലീസ് കർശന നടപടികൾ സ്വീകരിക്കുന്നതുപോലെ, Noise Pollution (Regulation and Control) Rules, 2000 ലംഘനം നടത്തി പൊതുജനങ്ങളെ ദ്രോഹിക്കുന്ന **ശബ്ദമലിനീകരണ ക്രിമിനലുകൾക്കെതിരെ** യാതൊരു നടപടിയും സ്വീകരിക്കാൻ പോലീസ് തയ്യാറാവുന്നില്ല. അത് കൃത്യവിലോപം/അനാസ്ഥ/അഴിമതി കാരണമാണ്. ആയതിനാൽ മതവ്യത്യാസമില്ലാതെ Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സർക്കാരും പോലീസും സ്വീകരിക്കേണ്ടതാണ്.

7. രാജ്യത്തെ നിയമങ്ങൾ അനുസരിക്കാതെ പൊതുജനങ്ങളെ ദ്രോഹിക്കുന്ന **ശബ്ദമലിനീകരണ ക്രിമിനലുകൾ,** പോലീസ് നൽകിയ നോട്ടീസ് പ്രകാരം ***കോളാമ്പികൾ ഇളക്കി മാറ്റിയിട്ടേയില്ല.*** Ref-7 ലഭിച്ച് വളരെ നാളുകൾ ആയിട്ടും **കോളാമ്പികൾ ഇളക്കി മാറ്റാത്ത ശബ്ദമലിനീകരണ ക്രിമിനലുകൾക്കെതിരെ** പോലീസ് യാതൊരു തുടർ ശിക്ഷാനടപടികളും സ്വീകരിച്ചിട്ടുമില്ല. ആയത് സർക്കാരിന്റേയും പോലീസിന്റേയും ഭാഗത്തുനിന്നുമുള്ള വലിയ വീഴ്ചയാണ്.

8. കൂടാതെ 2 ബോക്സുകൾക്ക് സർക്കാർ ഖജനാവിലേക്ക് ഫീ അടപ്പിച്ച് മൈക്ക് ഓർഡർ അനുവദിച്ച ശേഷം അനേകം ബോക്സുകളും, Sub woofer കളും, കോളാമ്പികളും നിയമവിരുദ്ധമായും അനുമതിയില്ലാതെയും കിലോമീറ്ററുകളോളം അകലെ വരെ കൊണ്ടുവന്ന് വച്ച് പൊതുജനങ്ങളെ ദ്രോഹിക്കാൻ **ശബ്ദമലിനീകരണ ക്രിമിനലുകളെ** പോലീസ് അഴിമതിയിലൂടെ അനു

വദിക്കുന്ന അനാരോഗ്യകരവും അന്യായവുമായ ദുഷ്പ്രവണത അടിയന്തിരമായി നിർത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

9. പൊതുജനങ്ങളെ ദ്രോഹിക്കാൻ, നിയമ വിരുദ്ധമായി ഉച്ചഭാഷിണികൾ ഉപയോഗിക്കുന്ന ആരാധനാലങ്ങളുടെ വിവരം പൊതുജനങ്ങളിൽ നിന്ന് ലഭിച്ചത് Ref-8, 9, 11 പ്രകാരം ഇതോടൊപ്പം സമർപ്പിക്കുന്നു, ലിസ്റ്റ്-1 (267), ലിസ്റ്റ്-2 (293), ലിസ്റ്റ്-3 (99). ടി ലിസ്റ്റുകളിൽ എന്തെങ്കിലും തെറ്റു കുറ്റങ്ങൾ ഉണ്ടെങ്കിൽ ദയവായി ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

10. നിയമ വിരുദ്ധ ഉച്ചഭാഷിണികളിൽ നിന്നുള്ള വളരെ മാരകമായ തീവ്ര ശബ്ദം ആബാലവൃദ്ധം ജനങ്ങളുടേയും ശാരീരികവും മാനസികവുമായ ആരോഗ്യത്തെ വളരെ ദോഷകരമായി ബാധിക്കുകയും വളരെയേറെ കഷ്ട നഷ്ടങ്ങൾ അനുഭവിക്കുകയുമാണ്. പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കിയാണ് ബഹു. സുപ്രീം കോടതി/ഹൈ കോടതി, വിധികൾ പുറപ്പെടുവിച്ചിട്ടുള്ളത്, ആ വിധികളെ അവഹേളിച്ച് സർക്കാരും പോലീസും **ശബ്ദമലിനീകരണ ക്രിമിനലുകൾക്കൊപ്പം നിൽക്കുന്നത്** കൃത്യവിലോപം/അനാസ്ഥ/അഴിമതി കാരണമാണ്. കൂടാതെ ആയത് കോടതി അലക്ഷ്യവുമാണ്.

11. പോലീസ് നോട്ടീസ് നൽകിയിട്ടും ആയതിന് തെല്ലും വില കൽപ്പിക്കാതെ ധിക്കരിച്ച് ബഹു. സുപ്രീം കോടതി/ഹൈ കോടതി വിധികളെ വെല്ലുവിളിച്ചുകൊണ്ട് യഥേഷ്ടം നിർഭയം കുറ്റകൃത്യം നടത്തുന്ന **ശബ്ദമലിനീകരണ ക്രിമിനലുകളിൽ** നിന്ന് Traffic Rules Violations നെതിരെ പ്രയോഗിക്കുന്നതുപോലുള്ള Hi-Tech സംവിധാനങ്ങൾ ഉപയോഗിച്ച് Photo/Video/Audio തെളിവുകൾ ശേഖരിച്ച് പിഴ ഈടാക്കുകയും, കുറ്റം ആവർത്തിക്കുകയാണെങ്കിൽ Ref-3, 4, 6 പ്രകാരവും, Ref-5, 16(c) പ്രകാരം 5 വർഷം തടവോ ഒരു ലക്ഷം വരെ പിഴയോ, രണ്ടും കൂടിയോ എന്ന ശിക്ഷ ഉറപ്പാക്കുന്നതിനായി കേസെടുത്ത് കോടതിയിലയക്കാനും വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

Yours truly,

(Subhash S)